# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3050 | | | 21.08.2017-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **ക്ഷേമ പെൻഷനുകൾ** | | | |
| **ചോദ്യം** | | | **മറുപടി** |
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന 4262863 എണ്ണം ഗുണഭോക്താക്കളാണ് ഉള്ളത്. |
| (ബി) | ഏതെല്ലാം കാറ്റഗറിയിലുള്ള എത്ര രൂപയുടെ പെൻഷനുകൾ എത്ര പേർക്കു വിതരണം ചെയ്യുന്നുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടോ; | (സി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2017 ആഗസ്റ്റ് മാസം വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ സത്യപ്രസ്താവന, സാമൂഹ്യ സുരക്ഷാ പെൻഷൻ പരാതി അദാലത്ത് എന്നീ കാരണങ്ങളാൽ 3 മാസം കൂടുമ്പോഴാണ് നിലവിൽ പെൻഷൻ വിതരണം ചെയ്തു വരുന്നത്. |
| (ഡി) | ഇവയുടെ വിതരണം സുഗമവും സത്വരവുമാക്കുന്നതിന് സ്വീകരിച്ച സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ബാങ്ക് അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം സുഗമമാക്കുന്നതിന് ബാങ്കിന്റെ സാങ്കേതിക സൗകര്യം പ്രയോജനപ്പെടുത്തി വളരെ കുറഞ്ഞ സമയത്തിനുള്ളിൽതന്നെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടോ ഇല്ലയോ എന്നറിയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ സഹായത്തോടെ ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ നേരിട്ട് പെൻഷൻ വീടുകളിൽ എത്തിച്ച് നൽകുന്ന പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ച് വരുന്നു. |
| (ഇ) | ക്ഷേമ പെൻഷനുകൾ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഇ) | നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് സത്യവാങ്മൂലം തെറ്റായി രേഖപ്പെടുത്തിയത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സത്യവാങ്മൂലം യഥാസമയം രേഖപ്പെടുത്താത്തത്, ഗുണഭോക്താക്കൾ യഥാസമയം സത്യവാങ്മൂലം സമർപ്പിക്കാത്തത്, ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റിയത്, കുടുംബശ്രീ സർവ്വേ വിവരങ്ങൾ ലഭിക്കാത്തത്, ആധാർ ഇല്ലാത്തത് മൂലം പെൻഷൻ നൽകാൻ കഴിയാത്തത്, നേരിട്ട് |

| | | | |
|---|---|---|---|
| | | | വീടുകളിൽ പെൻഷൻ എത്തിച്ചപ്പോൾ ഗുണഭോക്താവ് സ്ഥലത്തില്ലാത്തതിനാലും ഗുണഭോക്താവിനെ കണ്ടെത്താൻ കഴിയാത്തതിനാലും തുക തിരികെ അയച്ചത് എന്നിങ്ങനെ വിവിധങ്ങളായ കാരണങ്ങളാൽ കുടിശ്ശികയായിട്ടുണ്ട്. |
| (എഫ്) | വീടുകളിൽ പെൻഷൻ എത്തിക്കുന്ന പദ്ധതി വിജയമാക്കുന്നതിനു എത്ര സഹകരണ ബാങ്ക് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കു നൽകാമോ; | (എഫ്) | വീടുകളിൽ പെൻഷൻ എത്തിക്കുന്ന പദ്ധതി വിജയമാക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ജി) | അവർക്കു പ്രതിഫലം നൽകിയിരുന്നോ; പ്രതിഫലം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ജി) | സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ നേരിട്ട് വീടുകളിൽ എത്തിച്ച് നൽകുന്നതിന് പ്രതിഫലം നൽകുന്നുണ്ട്. പെൻഷൻ വിതരണം നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് പ്രതിഫലത്തുക വിതരണം ചെയ്യുന്നത്. സഹകരണ ബാങ്ക് ജീവനക്കാർക്കുള്ള പ്രതിഫല ഇനത്തിൽ നാളിത് വരെ 164668650/- രൂപ വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണം സംബന്ധിച്ച കണക്കുകൾ 2017 ജൂലൈ 30-ന് മുമ്പ് പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും തുക അതിനനുസരിച്ച് വിതരണം ചെയ്യുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഇനംതിരിച്ചുള്ള വിശദാംശങ്ങൾ

| പെൻഷൻ ഇനം | ഉപവിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | പ്രതിമാസ നിരക്ക് | പ്രതിമാസ വിതരണത്തിനായി വേണ്ടി വരുന്ന തുക |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിന് താഴെ | 1661089 | 1100 | 1827197900 |
| | 75 വയസ്സിന് മുകളിൽ | 432563 | 1500 | 648844500 |
| **ആകെ** | | **2093652** | | **2476042400** |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80%-ത്തിന് താഴെ വൈകല്യമുള്ളവർ | 318089 | 1100 | 349897900 |
| | 80%-ത്തിന് മുകളിൽ വൈകല്യമുള്ളവർ | 41225 | 1100 | 45347500 |
| **ആകെ** | | **359314** | | **395245400** |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 1240520 | 1100 | 1364572000 |
| കർഷക തൊഴിലാളി പെൻഷൻ | | 491363 | 1100 | 540499300 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 78014 | 1100 | 85815400 |
| **ആകെ** | | **4262863** | | **4862174500** |

### വീട്ടുകളിൽ പെൻഷൻ എത്തിക്കുന്നതിന് സഹകരണ ബാങ്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നം. | ജില്ല | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 592 |
| 2 | കൊല്ലം | 494 |
| 3 | പത്തനംതിട്ട | 487 |
| 4 | ആലപ്പുഴ | 694 |
| 5 | കോട്ടയം | 641 |
| 6 | ഇടുക്കി | 445 |
| 7 | എറണാകുളം | 673 |
| 8 | തൃശ്ശൂർ | 1084 |
| 9 | പാലക്കാട് | 596 |
| 10 | മലപ്പുറം | 780 |
| 11 | കോഴിക്കോട് | 883 |
| 12 | വയനാട് | 176 |
| 13 | കണ്ണൂർ | 806 |
| 14 | കാസറഗോഡ് | 289 |
| | **ആകെ** | **8640** |